സാങ്കേതിക കോളേജുകൾ പുതുതായി ആരംഭിക്കുന്നതിന് നൽകിയ നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ

71 (2930) ശ്രീമതി രാധാരാഘവൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര സാങ്കേതിക കോളേജുകൾ പുതുതായി ആരംഭിക്കുവാനുള്ള നോ-ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട് ;

(ബി) ഈ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ആരെല്ലാമായിരുന്നു ;

(സി) ഈ സ്ഥാപനങ്ങൾക്ക് നോ-ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത് എന്തെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വർഷം പുതുതായി ആരംഭിക്കുന്നതിന് ഒരു എഞ്ചിനീയറിംഗ് കോളേജിനും നാല് എം.സി.എ. സ്ഥാപനങ്ങൾക്കും ഒൻപത് എം.ബി.എ. സ്ഥാപനങ്ങൾക്കും നോ-ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്കുള്ള അപേക്ഷകരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

എഞ്ചിനീയറിംഗ് കോളേജ് : റോയൽ എഡ്യൂക്കേഷൻ സൊസൈറ്റി ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ.

എം.സി.എ. സ്ഥാപനങ്ങൾ

1. ആദി ശങ്കരാ ട്രസ്റ്റ്, കാലടി, എറണാകുളം.
2. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) പി.എം.ജി. തിരുവനന്തപുരം.
3. അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം.
4. പ്രതാപ് ഫൗണ്ടേഷൻ ഫോർ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്, മാനേജ്മെന്റ് ഹൗസ്, കളമശ്ശേരി, കൊച്ചി.

എം.സി.എ. സ്ഥാപനങ്ങൾ

1. സെന്റ് ജയിംസ് മെഡിക്കൽ അക്കാഡമി, സെന്റ് ജയിംസ് ഹോസ്പിറ്റൽ ട്രസ്റ്റ്, ചാലക്കുടി.

LIBRARY ARCHIVES Kerala Legislative Assembly

2. കൺസോർഷ്യും ഓഫ് നാഷണൽ ലൈഫ് ഫിനാൻസിംഗ് പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ട്സ്, വഞ്ചിയൂർ, തിരുവനന്തപുരം.

3. നെഹ്റു കോളേജ് ഓഫ് എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, കോയമ്പത്തൂർ.

4. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം.

5. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), കോ-ബാങ്ക് ടവേഴ്സ്, പി.എം.ജി. തിരുവനന്തപുരം(2 എണ്ണം)

6. സനാതന കർമ്മ വിദ്യാശാല, ബസന്ത് ഹാൾ, ആലപ്പുഴ.

7. ഡോൺ-ബോസ്കോ യൂത്ത് സെന്റർ സൊസൈറ്റി മണ്ണുത്തി, തൃശ്ശൂർ.

8. ചിൻമയ മിഷൻ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ്, കണ്ണൂർ.

(സി) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായിട്ടല്ല നോ-ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത്.

എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി., എന്നീ സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി. അംഗീകാരം നൽകാൻ നടപടി

72 (2931) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ നൽകുന്ന വിവിധ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ നൽകുന്ന പി.ജി.ഡി.സി.എ. സർട്ടിഫിക്കറ്റുകൾ ഹയർ സെക്കന്ററി സ്കൂളിൽ കമ്പ്യൂട്ടർ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly